# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2492 — 05/11/2019-ൽ മറുപടിക്ക്

## അണക്കെട്ടുകളിലെ മണലും ചെളിയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, പി.ജെ.ജോസഫ്**<br>**,, മോൻസ് ജോസഫ്**<br>**, സി.എഫ്.തോമസ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുണ്ട്.<br>കെ.എസ്.ഇ.ബി.എൽ. ന്റെ അധീനതയിലുള്ള 12 റിസർവോയറുകളിലെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. 2018-ലെയും 2019-ലെയും പ്രളയത്തെ തുടർന്ന് കൂടുതലായി മണലും ചെളിയും അടിഞ്ഞു കൂടിയതിന്റെ അടിസ്ഥാനത്തിൽ, Bathymatic Survey നടത്തി റിസർവോയറുകളിൽ അടിഞ്ഞിട്ടുള്ള മണലിന്റെയും ചെളിയുടെയും അളവ് കൃത്യമായി കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി എല്ലാ റിസർവോയറുകളിലെയും ചെളിയും മണലും നീക്കം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കെ.എസ്.ഇ.ബി.യുടെ അണക്കെട്ടുകളിൽ എത്രത്തോളം മണലും ചെളിയും അടങ്ങിയിട്ടുണ്ട് എന്നതിനെക്കുറിച്ച് സർക്കാരിന്റെ പക്കൽ കണക്കുകൾ ഉണ്ടോ; ആയത് പരിശോധിക്കാൻ നടപടി സ്വീകരിക്കാമോ; | | |
| (സി) | ഏതെല്ലാം അണക്കെട്ടുകളാണ് മണലും ചെളിയും നീക്കം ചെയ്യുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്; ഇപ്രകാരം നീക്കം ചെയ്യുന്ന മണൽ എന്തുചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (സി) | നിലവിൽ ലോവർ പെരിയാർ, പെരിങ്ങൽകുത്ത്, കല്ലാർകുട്ടി, മാട്ടുപ്പെട്ടി, കുണ്ടള റിസർവോയറുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ G.O.(MS) No. 79/2017/WRD dated 26.09.2017 പ്രകാരം അംഗീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (Standard Operating Procedure [SOP]) ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മണൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ലോവർ പെരിയാർ അണക്കെട്ടിൽ നിന്നും മണൽ വാരാൻ 2010-ൽ ട്രാവൻകൂർ സിമൻറ് കമ്പനിക്ക് കരാർ നൽകിയെങ്കിലും ആയത് നടക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ; ഇപ്പോഴും ഈ കരാർ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ലോവർ പെരിയാർ റിസർവോയറുകളിൽ നിന്നും നീക്കം ചെയ്യുന്ന, മണലും ചെളിയും നിക്ഷേപിക്കുവാൻ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിനായി M/s Travancore Cements Limited, Nattakom, Kottayam വനംവകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>കരാർ ഇപ്പോഴും നിലവിവുണ്ട്.<br><br>വനംവകുപ്പിന്റെ അനുമതി ലഭിക്കുവാൻ കാലതാമസം ഉണ്ടായതിനാൽ 27.07.2016 – ൽ M/s Travancore Cements Limited-മായി ഒപ്പ വച്ച കരാർ 26.07.2019 ലെ അനുബന്ധകരാർ നമ്പർ 1 പ്രകാരം 36 മാസക്കാലയളവിലേക്ക് ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ